# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4029 — 03.02.2014-ൽ മറുപടിക്ക്

### ജനന-മരണ നിരക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ ജനനനിരക്കും ശിശു മരണനിരക്കും എത്രയാണ് ; ദേശീയ തലത്തിൽ പ്രസ്തുത നിരക്ക് എത്രയാണ് ; വ്യക്തമാക്കുമോ ; | (എ) 2012 ലെ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം സംസ്ഥാനത്തെ ജനന നിരക്ക് 14.90 ഉം, ശിശു മരണ നിരക്ക് 12.00 ഉം ആണ്. ദേശീയ തലത്തിൽ ജനന നിരക്ക് 21.60 ഉം, ശിശു മരണ നിരക്ക് 42.00 ഉം ആണ്. |
| (ബി) ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനു വേണ്ടി നവജാതശിശുക്കളുടെ പരിപാലനത്തിനായി നടത്തിവരുന്ന പരിശീലന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനു വേണ്ടി നവജാത ശിശുക്കളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന പരിശീലന പരിപാടികൾ സംസ്ഥാന സർക്കാർ എൻ.ആർ.എച്ച്.എം. വഴി നടപ്പാക്കി വരുന്നു.<br><br>1. **എൻ.എസ്.എസ്.കെ (നവജാത ശിശു സുരക്ഷ കാര്യക്രം.**<br>പദ്ധതി അനുസരിച്ച് പ്രസവ സൗകര്യമുള്ള ആശുപത്രികളിലെ ഡോക്ടർമാർക്കും പ്രസവമെടുക്കുന്ന ഡോക്ടർമാരും അവരുടെ കൂടെ പ്രവർത്തിക്കുന്ന ശിശുരോഗ വിദഗ്ധർക്കും ജനിച്ച ഉടൻ തന്നെയുള്ള ശിശു പരിചരണത്തിനുള്ള പരിശീലനം നൽകി വരുന്നു.<br><br>2. **ഐ.എം.എൻ.സി.ഐ. (ഇന്റർഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് നിയോനേറ്റൽ ആന്റ് ചൈൽഡ് ഹുഡ് ഇൽനസ്)**<br>ഇതിനുവേണ്ടിയുള്ള ട്രെയിനിംഗ് ഡോക്ടർമാർ, ശിശുരോഗ വിദഗ്ധർ, ഫീൽഡ് വിഭാഗം ജീവനക്കാർ, അംഗനവാടി ജീവനക്കാർ, സി.ഡി.പി.ഒ. മാർ എന്നിവർക്ക് നൽകി വരുന്നു. |

(....2)

3. **എഫ്.ഐ.എം.എൻ.സി.ഐ. (ഫെസിലിറ്റി ബെയ്സ്ഡ് ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് നിയോനേറ്റൽ ആന്റ് ചൈൽഡ് ഇൽനസ്)**

   തിരഞ്ഞെടുക്കപ്പെട്ട പ്രസവ ചികിത്സ ലഭ്യമായ ആരോഗ്യ സ്ഥാപനങ്ങളിലെ മേൽ പറഞ്ഞ ജീവനക്കാർക്ക് നൽകി വരുന്നതാണ് ഈ ട്രെയിനിംഗ്.

4. **എസ്.എൻ.സി.യു. (സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ്)**

   സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികളിൽ പ്രസവമുറിയോട് ചേർന്ന് നവജാത ശിശുക്കൾക്ക് വേണ്ടി മാത്രമുള്ള യൂണിറ്റുകളിൽ പരിചരണം നൽകുന്നതിന് വേണ്ടി മെഡിക്കൽ കോളേജിലെ ശിശുരോഗ വിദഗ്ധർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവരെ സംസ്ഥാനത്തിന് വെളിയിൽ അയച്ച് (40 പേരെ) പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ തുടർന്നുള്ള പരിശീലന പരിപാടിയുടെ ഭാഗമായി കേരളത്തിലെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ പ്രത്യേകം ചികിത്സ നടത്തുന്ന ശിശുരോഗ വിദഗ്ധർമാർക്കും, നഴ്സുമാർക്കുമുള്ള പരിപാടി തുടർന്നു നടത്തി വരുന്നു.

5. **ഐ.വൈ.സി.എഫ്. (ഇൻഫന്റ് യംഗ് ചൈൽഡ് ഫീഡിംഗ്)**

   ഈ പദ്ധതി അനുസരിച്ച് അമ്മമാർക്ക് മുലയൂട്ടലിന്റെയും, പോഷക ആഹാരത്തെപ്പറ്റിയുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയുള്ള പരിശീലനം നൽകുന്നു.

6. **ബി.ഇ.എം.ഒ.സി.എ.എൽ (ബേസിക് എമർജൻസി ഓഫ് ഒബ്സ്റ്റട്രിക്സ് കെയർ ആന്റ് അഡ്വാൻസ് ലൈഫ് സപ്പോർട്ട്)**

   ഈ പരിശീലന പരിപാടിയിൽ പ്രസവമെടുക്കുന്ന 174 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്കും അതിന്റെ തന്നെ അടിസ്ഥാന പരിശീലന പരിപാടിയായ ബി.ഇ.എം.ഒ.സി.എ.എൽ. സാധാരണ എം.ബി.ബി.എസ് ഡോക്ടർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ 75 നഴ്സുമാരെയും ഈ വിഭാഗത്തിൽ പരിശീലിപ്പിച്ചിട്ടുണ്ട്.

   പ്രസ്തുത പരിശീലന പരിപാടികൾ ഒക്കെയും സംസ്ഥാനത്തെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനു ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളുമാണ്.

സെക്ഷൻ ഓഫീസർ